# നീര കേക്ക് സി.ഡി.ബി. നാഫെഡ് സ്റ്റാളിൽ വില്പനയ്ക്ക്

കൊച്ചി: ക്രിസ്മസ് പുതുവത്സര വിപണി ലക്ഷ്യമാക്കി തിരുകൊച്ചി കമ്പനി വിപണിയിലിറക്കിയ നീര കേക്ക് നാളികേര വികസന ബോർഡിന്റെ ആസ്ഥാനത്തെ സി.ഡി.ബി. നാഫെഡ് സ്റ്റാളിൽ ലഭ്യമായിരിക്കും. 400 ഗ്രാം കേക്കിന് 170 രൂപയും 800 ഗ്രാമിന് 330 രൂപയുമാണ് വില.

തിരുകൊച്ചി നാളികേര ഉത്പാദക കമ്പനിയുടെ നീര ശർക്കര കേക്കിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള ലോഞ്ചിങ് മേയർ ടോണി ചമ്മണി നിർവ്വഹിച്ചു.

തിരുകൊച്ചി കമ്പനിയുടെ കീഴിൽ നീര ടാപ്പ് ചെയ്യാൻ ലൈസൻസ് ലഭിച്ച കോതമംഗലം ഫെഡറേഷനാണ് മൂവാറ്റുപുഴയിലെ ഇന്ത്യൻ ബേക്കറി വഴി നീര കേക്ക് വിപണിയിലെത്തിക്കുന്നത്. പഞ്ചസാരയ്ക്കു പകരം നീര ശർക്കര സിറപ്പ് ഉപയോഗിച്ചാണ് കേക്ക് നിർമിക്കുന്നത്. പഞ്ചസാരയുടെ പകുതി ഗ്ലൈസീമിക് ഇൻഡക്സ് ആണ് നീര ശർക്കര സിറപ്പിനുള്ളത്.